KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice
Dated : 08/05/ 2020

# സർക്കാർ നിരീക്ഷണ കേന്ദ്രത്തിൽ കഴിയവെ ക്വാറന്റൈൻ ലംഘിച്ചതിന് അഞ്ച് പേർക്കെതിരെ നിയമനടപടി

കൊല്ലം : 07.05.2020-ൽ ചെന്നൈയിൽ നിന്നും അമരവിള ചെക്പോസ്റ്റ് വഴി കേരളത്തിലെത്തിയ ചാത്തന്നൂർ മുമ്പള്ളിക്കുന്നം അക്കരക്കുന്നത്ത് രേവതിയിൽ ശ്രീകുമാറിനേയും ടിയാന്റെ രണ്ട് പെൺമക്കളേയും കൊല്ലത്തെ സർക്കാർ ക്വാറന്റൈൻ കേന്ദ്രങ്ങളിലൊന്നായ കാർത്തിക ഹോട്ടലിൽ പാർപ്പിച്ചു വരവെ രാത്രിയിൽ അവിടെ നിന്നും അസൗകര്യം പറഞ്ഞുകൊണ്ട് അനുമതിയില്ലാതെ ടിയാന്റെ സ്വന്തം വീടായ ചാത്തന്നൂരിലേക്ക് തന്നിഷ്ടത്തോടെ പോയിട്ടുള്ളതും തുടർന്ന് നടത്തിയ അന്വേഷണങ്ങൾക്ക് ശേഷം ടിയാന്റെ വീട് കണ്ടെത്തി ടിയാനോടും മക്കളോടും ക്വാറന്റൈൻ സെന്ററിലേക്ക് മാറുവാൻ ജില്ലാ ഭരണകൂടം നിർദേശിച്ചെങ്കിലും ആയതിന് വിസമ്മതിക്കുകയും ടി ആളുകൾക്ക് ഭക്ഷണം എത്തിക്കുന്നതിനുൾപ്പെടെ സ്ത്രീകൾ വേണമെന്നും കൂടുതൽ സൗകര്യങ്ങൾ വേണമെന്നും മറ്റും ആവശ്യപ്പെട്ട് തർക്കിച്ചതിനെത്തുടർന്ന് ടിയാനും മക്കൾക്കുമെതിരെ ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ആരോഗ്യ വകുപ്പും പോലീസും ചേർന്ന് ടിയാളുകളെ ആംബുലൻസിൽ കയറ്റി കൊല്ലത്തുള്ള സർക്കാർ ക്വാറന്റൈൻ കേന്ദ്രത്തിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്.

08.05.2020-ൽ ബാംഗ്ളൂരിൽ നിന്നും കൊല്ലത്തെത്തി സർക്കാർ നിരിക്ഷണത്തിൽ ഹോട്ടൽ ഷാ ഇന്റർനാഷണലിൽ പ്രവേശിപ്പിച്ച എഴുകോൺ സ്വദേശി ശിവകുമാറും ഭാര്യയും ഒരു മണിക്കൂറിന് ശേഷം അനുമതിയില്ലാതെ ക്രമവിരുദ്ധമായി ഹോട്ടൽ വിട്ട് പുറത്ത് പോകുകയും ടിയാളെയും ഭാര്യയേയും ഈസ്റ്റ് ജനമൈത്രി പോലീസിന്റെ സഹായത്തോടെ കണ്ടെത്തി തിരികെ ക്വാറന്റൈൻ സെന്ററിൽഎത്തിച്ചിട്ടുള്ളതും ടിയാളുകൾക്കെതിരെ ക്വാറന്റൈൻ ലംഘനത്തിന് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് എടുത്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ക്വാറന്റൈനിൽ കഴിയേണ്ട ആൾക്കാർ ആയതിന് വിരുദ്ധമായ പ്രവർത്തികൾ ചെയ്യരുതാത്തതും ആയത് ലംഘിച്ചാൽ കർശന നടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.